©
Government of Kerala
കേരള സർക്കാർ
2011

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **Vol. LVI** വാല്യം 56 | THIRUVANANTHAPURAM, TUESDAY തിരുവനന്തപുരം, ചൊവ്വ | **15th February 2011** 2011 ഫെബ്രുവരി 15 / **26th Magha 1932** 1932 മാഘം 26 | **No.** നമ്പർ | **7** |

## PART III

# Stores Purchase

### Forest Department

TENDER NOTICE

No. C2-150/2011. *22nd January 2011.*

Competitive tenders in sealed covers are invited for the purchase of 1.5 and 2.0 Tonne capacity air conditioners (Split type) on behalf of the Chief Conservator of Forests, Social Forestry (Central Region), Ernakulam. Sealed tenders superscribing the name of work should be sent by post or by hand so as to reach the same within the prescribed date and time itself. No tenders received after the stipulated date and time will be accepted. If the tender date happens to be a public holiday, the tender will be conducted on the next day at the same time and date.

| *Sl. No.* | *Name of Articles* | *E.M.D.* |
|---|---|---|
| 1 | 1.5 Tonne Air Conditioner (Split type) | 625 |
| 2 | 2.0 Tonne Air Conditioner (Split type) | 650 |

Cost of tender form— 25 +VAT.

The last date and time for the application of tender—24-2-2011, 5 p. m.

Last date and time for receipt of tender—25-2-2011, 2.00 p. m.

Date and time opening of tender—25-2-2011, 3.30 p. m.

Period of completion of work—7 days.

Address of Officer from whom forms are to be obtained and to whom the tenders are to be sent—Chief Conservator of Forests, Social Forestry (Central Region), Ernakulam.

എറണാകുളം സോഷ്യൽ ഫോറസ്ട്രി ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആഫീസിലേക്ക് 1.5, 2.0 ടൺ കപ്പാസിറ്റിയുള്ള എയർ കണ്ടീഷണറുകൾ (സ്പ്ലിറ്റ് ടൈപ്പ്) വിതരണം ചെയ്യുന്നതിനുവേണ്ടി ദർഘാസ് ക്ഷണിച്ചുകൊള്ളുന്നു. ദർഘാസ് പ്രവൃത്തിയുടെ പേര് ആലേഖനം ചെയ്തിട്ടുള്ള മുദ്രവച്ച കവറുകൾ നേരിട്ടോ തപാലിലോ സ്വീകരിക്കുന്നതാണ്. നിശ്ചിത സമയത്തിനുശേഷം യാതൊരു കാരണവശാലും ദർഘാസുകൾ സ്വീകരിക്കുന്നതല്ല. ഏതെങ്കിലും കാരണവശാൽ നിശ്ചിത ദിവസം പൊതുഅവധിയായാൽ അടുത്ത പ്രവൃത്തി ദിവസം അതേസമയം ദർഘാസ് സ്വീകരിക്കുന്നതാണ്.

| ക്രമ നമ്പർ | ഇനവിവരം | നിരതദ്രവ്യം |
|---|---|---|
| 1 | 1.5 ടൺ കപ്പാസിറ്റിയുള്ള എയർ കണ്ടീഷണറുകൾ (സ്പ്ലിറ്റ് ടൈപ്പ്) | 625 |
| 2 | 2.0 ടൺ കപ്പാസിറ്റിയുള്ള എയർ കണ്ടീഷണറുകൾ (സ്പ്ലിറ്റ് ടൈപ്പ്) | 650 |

ദർഘാസ് ഫോറത്തിന്റെ വില— 25 + വാറ്റ്.

ദർഘാസ് പ്രമാണത്തിന് അപേക്ഷിക്കേണ്ട അവസാന തീയതിയും സമയവും—24-2-2011, 5 മണി.

ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—25-2-2011, 2 മണി.

ദർഘാസ് തുറക്കുന്ന തീയതിയും സമയവും—25-2-2011, 3.30 മണി.

പ്രവൃത്തിയുടെ കാലാവധി—7 ദിവസം.

ടെണ്ടർ ഫോമുകൾ ലഭിക്കുന്നതും അപേക്ഷ നൽകേണ്ടതുമായ ആഫീസറുടെ വിലാസം—ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി (സെൻട്രൽ റീജിയൺ), എറണാകുളം.

Office of the
Chief Conservator of Forests,
Social Forestry (Central Region),
Ernakulam.

(Sd.)
*Chief Conservator of Forests.*

## TENDER NOTICE

No. TA4-5753/2010. *19th January 2011.*

Sealed tenders are invited for the supply of the following articles for the Department Jeeps and Enfield Motor Cycles allotted to Thrissur Division in Forest Department.

The tenders should be superscribed "Tender for the supply of Tyres and Tubes" and addressed to the Divisional Forest Officer, Thrissur. Late tenders will not be accepted. The tenders will be opened at the Divisional Forest Officer, Thrissur at 3. 30 p. m. on 25-2-2011 in the presence of such of the tenderers or their authorized representatives who may be present at that time. If any holiday is declared on the tender date, the tender will be conducted on the next working day at the stipulated place and time.

Intending tenderers may on application to the Divisional Forest Officer, Thrissur obtain the requisite tender forms on which tenders should be submitted. Application for the tender form should be accompanied by a cash remittance of 400 + (VAT) which is the price fixed for the form, which is not refundable. Sale of tender forms will be closed at 1. p. m. on 25-2-2011. The period for the supply of material will be within ten days from the date of issue of supply order.

On receipt of the confirmation order, the successful tenderer should execute an greement in stamp paper worth 100 with the undersigned after remitting 5% of the total contract value as security in the Government Treasury. He should supply the material within Ten days to the Forest Range Office, Machad/Pattikkad/Wadakkanchery and Divisional Forest Office, Thrissur against the supply order issued from this office as per requirements.

All the rules and regulations as per the existing STP Rules are applicable to this tender.

If the tender will not be conducted due to any other reason the same will be conducted on alternate date on 28-2-2011 or 3-3-2011 this tender will be at the stipulated place and time.

തൃശ്ശൂർ ഫോറസ്റ്റ് ഡിവിഷന് അനുവദിച്ചിട്ടുള്ള താഴെ പറയുന്ന സർക്കാർ വാഹനങ്ങളിലേക്ക് ടയറും ട്യൂബും വിതരണം ചെയ്യുന്നതിനായി മത്സരാടിസ്ഥാനത്തിലുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

ദർഘാസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ തൃശ്ശൂരിന് സമർപ്പിക്കേണ്ടതും കവറിനുപുറത്ത് "ടയറും ട്യൂബും വിതരണം ചെയ്യുന്നതിന്" എന്ന് പ്രത്യേകം രേഖപ്പെടുത്തിയിരിക്കണം. താമസിച്ച് ലഭിക്കുന്ന ടെണ്ടറുകൾ പരിഗണിക്കുന്നതല്ല. ദർഘാസുകൾ 25-2-2011, 3.30 മണിക്ക് അപ്പോൾ ഹാജരുള്ള ദർഘാസുകാരുടെയോ അവരുടെ പ്രതിനിധികളുടേയോ സാന്നിദ്ധ്യത്തിൽ അയ്യന്തോളിലുള്ള ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ വെച്ച് തുറക്കുന്നതാണ്. ഏതെങ്കിലും കാരണവശാൽ ദർഘാസ് ദിവസം പൊതു അവധിയോ, ഓഫീസ് മുടക്കമോ ആയി വരുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തും സ്ഥലത്തും വച്ച് ദർഘാസുകൾ സ്വീകരിക്കുന്നതും തുറക്കുന്നതുമാണ്.

ദർഘാസ് ഫോറം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മുമ്പാകെ അപേക്ഷ സമർപ്പിച്ച് ലഭ്യമാക്കാവുന്നതാണ്. ദർഘാസിനുള്ള അപേക്ഷയോടൊപ്പം ദർഘാസ് ഫോറത്തിന്റെ വിലയായ 400 + വാറ്റ് അടക്കമുള്ള തുക ഈ ഓഫീസിൽ ഒടുക്കേണ്ടതാണ്. ടി തുക യാതൊരു കാരണവശാലും തിരിച്ച് നൽകുന്നതല്ല. ദർഘാസ് ഫോറം 25-2-2011 ഉച്ചയ്ക്ക് 1 മണി വരെ ലഭിക്കുന്നതും 3 മണിവരെ സ്വീകരിക്കുന്നതുമായിരിക്കും. മേൽ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള സമയം സപ്ലൈ ഓർഡർ തീയതി മുതൽ 10 ദിവസത്തിനകത്ത്.

ദർഘാസ് സ്ഥിരപ്പെടുത്തുന്ന മുറയ്ക്ക് വിജയിയായ കരാറുകാരൻ മൊത്തം കരാർ തുകയുടെ 5% സെക്യൂരിറ്റിയായി ഗവൺമെന്റ് ട്രഷറിയിൽ ഒടുക്കേണ്ടതും തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുമായി 100-ന്റെ മുദ്രപത്രത്തിൽ ഉടമ്പടി വെയ്ക്കേണ്ടതുമാണ്. ഓർഡർ നൽകുന്ന മുറയ്ക്ക് ടയറുകൾ മച്ചാട്, വടക്കാഞ്ചേരി, പട്ടിക്കാട് എന്നീ റെയിഞ്ചുകളിലും തൃശ്ശൂർ ഡിവിഷൻ ഓഫീസിലും വിതരണം നടത്തേണ്ടതാണ്. മേൽ ദർഘാസ് നിലവിലുള്ള എസ്.റ്റി.പി. റൂളിന് വിധേയമായിട്ടായിരിക്കും നടത്തുന്നത്.

ദർഘാസ് തീയതി പൊതുഅവധി ദിവസമായി വരുകയാണെങ്കിൽ അടുത്ത പ്രവൃത്തി ദിവസം അതേ സമയത്തും അതേ സ്ഥലത്തും വെച്ച് തന്നെ ദർഘാസുകൾ നടത്തുന്നതായിരിക്കും. അവധി അല്ലാത്ത മറ്റേതെങ്കിലും കാരണത്താൽ ദർഘാസ് നടക്കാത്ത പക്ഷം മേൽ ദർഘാസ് 28-2-2011-ാം തീയതിയിലും ടി തീയതിയിലും നടക്കാത്തപക്ഷം 3-3-2011-ാം തീയതിയിലും ദർഘാസ് നടത്തുന്നതായിരിക്കും. വനം വകുപ്പിൽ നിലവിലുള്ള എല്ലാ ദർഘാസ് നിയമങ്ങളും മേൽപ്പറഞ്ഞ ദർഘാസിനും ബാധകമായിരിക്കും.

| *Sl. No.* | *Name of Article* | *Tyres Quantity Required* | *Tubes Nos.* |
|---|---|---|---|
| 1 | Mahindra Jeep | Big Rover Tyre 600.16 25 Nos. | 25 |
| 2 | Enfield Motor Cycles | Front Tyre 1 Back Tyre 1 | 2 |

(Sd.)
*Divisional Forest Officer,*
(For and on behalf of the Governor of Kerala).

Divisional Forest Office,
Thrissur.

## ദർഘാസ് പരസ്യം

നമ്പർ ജി2-7731/10. 2011 ജനുവരി 24.

കേരള ഗവർണ്ണർക്കുവേണ്ടി കോഴിക്കോട് ഡിവിഷനിൽ പെടുന്ന കുറ്റ്യാടി, താമരശ്ശേരി, പെരുവണ്ണാമുഴി റെയിഞ്ചുകളിൽപെട്ട വിവിധ സ്ഥലങ്ങളിൽ സൗരോർജ്ജ വൈദ്യുത കമ്പിവേലിയുടെ സാധനസാമഗ്രികൾ സപ്ലൈ ചെയ്ത് കമ്പിവേലി സ്ഥാപിക്കുന്നതിനും പരിപാലത്തിനുംവേണ്ടി മത്സര സ്വഭാവമുള്ളതും പ്രത്യേകം മുദ്രവെച്ചതുമായ ദർഘാസുകൾ അംഗീകൃത കരാറുകാർ/ഏജൻസികൾ/സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും 23-2-2011-ന് ഉച്ചയ്ക്ക് 2.30-നു മുമ്പായി ഈ ആഫീസിൽ ലഭിക്കത്തക്കവിധം ക്ഷണിച്ചുകൊള്ളുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേരും ഉദ്ദേശ അടങ്കൽ തുകയും | നിരതദ്രവ്യം |
|---|---|---|
| 1 | കുറ്റ്യാടി റെയിഞ്ചിൽ മാടാഞ്ചേരി ഭാഗത്ത് 1.5 കി. മീ. ദൂരം സോളാർ പവർ ഫെൻസിംഗ് സ്ഥാപിക്കലും പരിപാലനവും— 1,80,650 | 4,600 |
| 2 | താമരശ്ശേരി റെയിഞ്ചിൽ ചോഴിയോട് മുതൽ മേലെ കൊളമലഭാഗം 2 കി. മീ.— 2,15,000 | 5,400 |
| 3 | താമരശ്ശേരി റെയിഞ്ചിൽ കൊളമല മുതൽ മുരിങ്ങക്കുറ്റി വരെ 2 കി. മീ.— 2,15,000 | 5,400 |
| 4 | പെരുവണ്ണാമുഴി റെയിഞ്ചിൽ ചീടിക്കുഴി 1.2 കി. മീ.— 1,50,000 | 3,800 |

ദർഘാസ് ഫോറത്തിന്റെ വില—ക്രമനമ്പർ 1-നും 4-നും 400 + വാറ്റ്, ക്രമനമ്പർ 2-നും 3-നും 500 + വാറ്റ്.

പ്രവൃത്തി പൂർത്തിയാക്കേണ്ട കാലാവധി—30-3-2011.

ദർഘാസ് ഫോറങ്ങൾ 21-2-2011 മുതൽ 23-2-2011-ന് ഉച്ചയ്ക്ക് 1 മണിവരെ ഈ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. കരാറുകാർ അവരുടെ തിരിച്ചറിയൽ കാർഡ്/മറ്റു അനുബന്ധ രേഖകൾ ഹാജരാക്കിയാൽ മാത്രമേ മുദ്രവെച്ച ഫോറങ്ങൾ ലഭിക്കുകയുള്ളൂ. ദർഘാസുകൾ അന്നേദിവസം ഉച്ചയ്ക്കുശേഷം 3 മണിക്ക് ഹാജരുള്ള കരാറുകാരുടെ/ഏജന്റുമാരുടെ സാന്നിദ്ധ്യത്തിൽ തുറന്നു പരിശോധിക്കുന്നതാണ്. ദർഘാസിനോടൊപ്പം നിശ്ചിത നിരതദ്രവ്യം ഏതെങ്കിലും അംഗീകൃത ബാങ്കിൽ അടച്ച് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കോഴിക്കോടിന്റെ പേരിൽ മാറത്തക്കവിധം പ്ലഡ്ജ് ചെയ്ത് ഡിമാന്റ് ഡ്രാഫ്റ്റ് ഉള്ളടക്കം ചെയ്യേണ്ടതാണ്. കൂടാതെ ഓരോ ദർഘാസിനുമൊപ്പം 100-ന്റെ മുദ്രപത്രത്തിൽ ഒപ്പിട്ട ഒരു പ്രാഥമിക എഗ്രിമെന്റ് കൂടി സമർപ്പിക്കേണ്ടതാണ്. മേൽപ്പറഞ്ഞ വിധത്തിൽ നിരതദ്രവ്യം ഉള്ളടക്കം ചെയ്യാത്തതോ നിശ്ചിത മാതൃകയിലുള്ള എഗ്രിമെന്റ് പൂരിപ്പിച്ച് വയ്ക്കാത്തതോ ആയ ടെണ്ടറുകൾ നിരസിക്കുന്നതായിരിക്കും. ദർഘാസ് ഫോറത്തിന്റെ വില യാതൊരു കാരണവശാലും മടക്കി കൊടുക്കുന്നതല്ല. ഏതെങ്കിലും ജോലിയുടെ ടെണ്ടർ മാറ്റി വെക്കുവാനോ, ഉപേക്ഷിക്കുവാനോ, ടെണ്ടർ ഭാഗികമായോ പൂർണ്ണമായോ യാതൊരു കാരണവും കൂടാതെ നിരസിക്കുവാനോ ഉള്ള അധികാരം ഡിവിഷണൻ ഫോറസ്റ്റ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.

മേൽ പറഞ്ഞ ടെണ്ടർ തീയതി ഒരു പൊതു അവധി ദിവസമായി പ്രഖ്യാപിക്കപ്പെടുകയോ മറ്റു കാരണങ്ങളാൽ അന്നേ ദിവസം ടെണ്ടർ നടത്താൻ കഴിയാതെ വരികയോ ചെയ്യുന്നപക്ഷം പ്രസ്തുത ടെണ്ടർ തൊട്ടടുത്ത പ്രവർത്തി ദിവസം മേൽപ്പറഞ്ഞ സ്ഥലത്തും സമയത്തും വെച്ച് അതേ വ്യവസ്ഥകൾക്കനുസരിച്ച് നടത്തുന്നതായിരിക്കും. വൈദ്യുത കമ്പിവേലികൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ തിരുവനന്തപുരത്തിന്റെ 27-10-2009-ലെ 4/2009-ാം നമ്പർ പ്രകാരമുള്ള സർക്കുലറിലെ താഴെപറയുന്ന നിബന്ധനകൾ നിർബന്ധമായും ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർ പാലിക്കേണ്ടതാകുന്നു.

### നിബന്ധനകൾ

1. വൈദ്യുത കമ്പിവേലി സ്ഥാപിക്കുന്ന ജോലി ഈ രംഗത്ത് പരിചയം ഉള്ള കരാറുകാർ/ഏജൻസി/സ്ഥാപനം മുഖേന ചെയ്യേണ്ടതിനാൽ തൃപ്തികരമായ രീതിയിൽ ജോലി ചെയ്തുകൊടുത്തിട്ടുണ്ടെന്ന് തെളിയിക്കുന്നതിന് ജോലി ചെയ്തു കൊടുത്ത സ്ഥാപനത്തിന്റെ/സ്ഥാപനങ്ങളുടെ ജില്ലാമേലധികാരി/മേലധികാരികളിൽ നിന്നും ലഭിച്ച പരിചയ സർട്ടിഫിക്കറ്റുകളും/സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
2. കമ്പിവേലി സ്ഥാപിക്കുന്നതിനും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും ഏറ്റവും ഗുണനിലവാരമുള്ള ഉപകരണങ്ങൾ മാത്രം ഉപയോഗിക്കേണ്ടതാണ്. ഉപകരണങ്ങൾ ബാംഗ്ലൂർ ആസ്ഥാനമായ പവർ റിസർവ്വ് ഇൻസ്റ്റിറ്റ്യൂട്ടിന്റെയോ, ഡി. ജി. എസ്. ആന്റ് ഡി.-യുടെയോ ഗുണമേന്മാ സർട്ടിഫിക്കറ്റ് ഉള്ളവരായിരിക്കണം.
3. ടെണ്ടറിനോടൊപ്പം ബാറ്ററി, വയർ, ഇൻസുലേറ്റർ തുടങ്ങിയവയുടെ സാമ്പിളുകൾ മുദ്രവച്ചതും, കരാറുകാരന്റെ പേരുവിവരം രേഖപ്പെടുത്തിയതുമായ കവറിൽ സമർപ്പിക്കേണ്ടതാണ്.
4. എനർജൈസറിൽ പതിച്ചിട്ടുള്ള വാറണ്ടി/ഗ്യാരണ്ടി സീൽ നശിപ്പിക്കുകയോ ഇളക്കിമാറ്റുകയോ കേടുവരുത്തുകയോ ചെയ്യരുത്. വാറണ്ടി /ഗ്യാരണ്ടി കാലയളവ് രേഖാമൂലം ടെണ്ടർ സമയത്ത് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.
5. വൈദ്യുത കമ്പിവേലിക്ക് ആവശ്യമുള്ളത്ര വലിവ് എപ്പോഴും നിലനിർത്തേണ്ടതും എന്നാൽ അമിത വലിവ് ഉണ്ടാകാത്ത വിധത്തിലുമാണ് വേലി സ്ഥാപിക്കേണ്ടത്.
6. എ.സി. മെയിൻ, വൈദ്യുത കമ്പിവേലിയുമായോ, എനർജൈസറുമായോ ഒരു കാരണവശാലും തൊടരുത്.
7. മെയിന്റനൻസ് കാലാവധിക്കുള്ളിൽ ബാറ്ററിക്കുണ്ടാകുന്ന പോരായ്മകൾ പരിഹരിക്കുന്നതിനായി ആവശ്യമായ സാങ്കേതിക സേവനങ്ങൾ കരാറുകാരൻ/ഏജൻസി/സ്ഥാപനം ചെയ്തുകൊടുക്കേണ്ടതാകുന്നു.
8. വലിയ കാറ്റോ, ഇടിമിന്നലോ ഉണ്ടാകുമ്പോൾ വൈദ്യുത ബന്ധം താൽക്കാലികമായി വിടുവാനുള്ള ലൈറ്റനിംഗ് അറസ്റ്റർ ഘടിപ്പിച്ചിരിക്കേണ്ടതാണ്.
9. ചാർജ്ജറിൽ നിന്നോ, സോളാർ പാനലിൽ നിന്നോ എനർജൈസറിലേക്ക് നേരിട്ട് വൈദ്യുതി കടത്തി വിട്ടു കൊണ്ട് വേലി സ്ഥാപിക്കരുത്.
10. ദർഘാസിനോടൊപ്പം 100 രൂപയുടെ മുദ്രപത്രത്തിൽ ഒപ്പിട്ട ഒരു പ്രാഥമിക എഗ്രിമെന്റ് സമർപ്പിക്കുന്നതോടൊപ്പം തന്നെ സ്ഥാപിക്കാനുദ്ദേശിക്കുന്ന വൈദ്യുത കമ്പിവേലിയുടെ 10 (പത്ത്) വർഷത്തെ മെയിൻറനൻസ് പ്രവൃത്തിയും ചെയ്തുകൊടുക്കുന്നതാണെന്നും കൂടി ഉൾപ്പെടുത്തി എഗ്രിമെന്റിൽ ഒപ്പുവയ്ക്കേണ്ടതും യഥാവിധി മെയിന്റനൻസ് ചെയ്യുന്നതിന് കരാറുകാരൻ/ഏജൻസി/സ്ഥാപനം ബാധ്യസ്ഥരായിരിക്കുന്നതുമാകുന്നു.

മേൽ പ്രവൃത്തികൾ എല്ലാംതന്നെ റെയിഞ്ചിലെ ഇക്കോ ഡവലപ്മെന്റ് കമ്മിറ്റി/ജനറൽ കമ്മിറ്റികളുമായി സഹകരിച്ച് നടത്തേണ്ടതാണ്. പ്രവൃത്തി ചെയ്തു വരുമ്പോൾ ഏതെങ്കിലും

ഭാഗത്തേയ്ക്ക് കുറേകൂടി അധികം നീളത്തിൽ പ്രവൃത്തി ചെയ്യാൻ മേൽപ്പറഞ്ഞ ഏതെങ്കിലും കമ്മിറ്റികൾ രേഖാമൂലം ആവശ്യപ്പെട്ടാൽ അതിനുള്ള സാങ്കേതിക സാദ്ധ്യതയുണ്ടെങ്കിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ അംഗീകാരത്തോടെ അധിക പ്രവൃത്തി ചെയ്ത് തുക ബന്ധപ്പെട്ട കമ്മിറ്റികളിൽ നിന്നും വസൂലാക്കി കരാറുകാരൻ/ഏജൻസി/സ്ഥാപനം ചെയ്യേണ്ടതാണ്.

പവർ ഫെൻസിംഗ് സ്ഥാപിച്ചശേഷം ഗ്യാരണ്ടി കാലയളവിൽ ഇവയ്ക്ക് ആവശ്യമായ പരിചരണം, ഇവ കാര്യമായി പരിപാലിക്കുന്നത് മുതലായവ സംബന്ധിച്ച് ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി മെമ്പർമാർ/ജനകീയ കമ്മിറ്റി മെമ്പർമാർ എന്നിവർക്ക് കരാറുകാരൻ വേണ്ടത്ര അവബോധം ഉണ്ടാക്കികൊടുക്കേണ്ടതാണ്. കൂടാതെ വൈദ്യുത കമ്പിവേലി കളുടെ പരിപാലനത്തിന് ഏകീകൃത നടപടിക്രമം നിർദ്ദേശിച്ചു കൊണ്ടുള്ള പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 4/2009-ാം തീയതിയിലെ സർക്കുലറിലെ വ്യവസ്ഥകൾ ഈ ജോലിക്ക് ബാധകമായിരിക്കുകയും ചെയ്യുന്നതാണ്.

മേൽപ്പറഞ്ഞ തീയതിയിൽ ടെണ്ടർ നടക്കാത്ത പ്രവർത്തി കൾക്കുള്ള ടെണ്ടറുകൾ 3-3-2011-നും അന്നും നടക്കാത്തവയ്ക്ക് 10-3-2011-നും അന്നും നടക്കാത്തവയ്ക്ക് 17-3-2011-നും മേൽപ്പറഞ്ഞ സ്ഥലത്തും സമയത്തും അതേ വ്യവസ്ഥകൾ അനുസരിച്ച് നടത്തുന്നതായിരിക്കും. കൂടാതെ ടെണ്ടർ സംബന്ധിച്ച് നിലവിൽ വനം വകുപ്പിലും സ്റ്റോർ പർച്ചേയ്സ് ഡിപ്പാർട്ടുമെന്റിലുമുള്ള എല്ലാ നിബന്ധനകളും നിർദ്ദേശങ്ങളും ഈ ടെണ്ടറിനും ബാധകമായിരിക്കും.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, (ഒപ്പ്)
കോഴിക്കോട്. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ.